(സി) ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ഡി) സബ്സ്റ്റേഷന്റെ പണി ഈ വർഷത്തിൽ തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തി കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) ഇല്ല. ടെൻഡർ വിളിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സ്ഥലം ലഭ്യമായാൽ ഒരു വർഷത്തിനകം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പെരുംപായിൽ കോളനിയിലെ വോൾട്ടേജ് ക്ഷാമം

131 (1798) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പെരുംപായിൽ കോളനി നിവാസികൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇതു സംബന്ധിച്ച് പാലക്കാട് ഇലക്ട്രിസിറ്റി സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ കോളനി നിവാസികൾക്ക് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കി.മീറ്റർ ദൂരം എൽ.ടി. സിംഗിൾ ഫേയ്സ് ലൈൻ ത്രീഫേയ്സ് ലൈനായി ഉയർത്തുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മുൻഗണനാ ക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും മേൽപറഞ്ഞ ജോലി ചെയ്തു തീർക്കുന്നതും അതോടുകൂടി ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly